# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3734 15.05.2017-ൽ മറുപടിക്ക്

## മലപ്പുറം പാറക്കൽ എ.എം.യു.പി.സ്കൂൾ അധ്യാപകന്റെ അവധി

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ പാറക്കൽ എ.എം.യു.പി.സ്കൂളിലെ ഷംസുദീൻ എന്ന അധ്യാപകന്റെ ലീവ് സംബന്ധമായ ഫയൽ ഇപ്പോൾ പൊതു വിദ്യാഭ്യാസ 'ബി 1' സെക്ഷനിൽ നിലവിലുണ്ടോ ; (ബി1/832548/2016/പൊതു വിദ്യാഭ്യാസ വകുപ്പ്). ഈ ഫയൽ എന്നാണ് സർക്കാരിന് ലഭിച്ചത്; ഇതിൽ 'ബി 1' സെക്ഷൻ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഈ തപാൽ സർക്കാരിൽ ലഭിച്ചത് 30.08.2016 ലാണ്. ശ്രീ.ഷംസുദീൻ.റ്റി.കെ.യ്ക്ക് 01.07.2015 മുതൽ 31.05.2016 വരെ മുൻകാല പ്രാബല്യത്തിൽ ലീവനുവദിക്കുന്ന വിഷയത്തിൽ അഭിപ്രായം ആരായുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയയ്ക്കുകയും തുടർന്ന് ആ വകുപ്പിന്റെ അഭിപ്രായമനുസരിച്ച് ഫയൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉപദേശ സെക്ഷനായ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിലേയ്ക്കയയ്ക്കുകയും ചെയ്തു. |
| (ബി) ഈ ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടോ ; എന്നാണ് അയച്ചത് ; ധനകാര്യ വകുപ്പിൽ നിന്ന് തിരികെ 'ബി' സെക്ഷനിലേക്ക് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സ് എന്താണെന്ന് അറിയിക്കുമോ ; ലീവ് അനുവദിച്ചിട്ടുണ്ടോ ; വ്യക്തമായ | (ബി) ധനകാര്യ വകുപ്പിൽ ഫയൽ അയച്ചിട്ടുണ്ട്. 31.01.2017 ലാണ് ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയച്ചത്. ധനകാര്യ വകുപ്പിൽ നിന്ന് ഫയൽ തിരികെ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ റിമാർക്സ് ചുവടെ ചേർക്കുന്നു :<br>"ശ്രീ.ഷംസുദീൻ.റ്റി.കെ മറ്റൊരു ജോലി സ്വീകരിക്കുന്നതിനായാണ് 01/07/2015 മുതൽ 31/05/2016 വരെ ശൂന്യവേതനാവധി |

| | |
|---|---|
| വിവരം ലഭ്യമാക്കുമോ? | എടുത്തിരിക്കുന്നത്. പ്രസ്തുത അവധി ഒരുദ്യോഗസ്ഥന് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരമാണ് അനുവദിക്കുന്നത്. കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായുള്ള അവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കാൻ വ്യവസ്ഥയില്ല. ടി അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും 1960 ലെ KCS (CC&A) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ച് കൊണ്ട് സർവ്വീസിൽ നിന്ന് പിരിച്ച് വിടേണ്ടതുമാണ്. എന്നാൽ ശ്രീ.ഷംസുദീൻ.റ്റി.കെ നിയമനാംഗീകാരമില്ലാത്ത കാലയളവിലാണ് അവധിയിൽ പ്രവേശിച്ചിരിക്കുന്നത്. നിയമനാംഗീകാരമില്ലാത്ത കാലയളവിൽ ഒരുദ്യോഗസ്ഥൻ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചാലും ആയത് അനുവദിക്കാനാവില്ല. മുൻകാല പ്രാബല്യത്തിൽ അനുവദനീയമല്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി നിയമനാംഗീകാരമില്ലാത്ത കാലയളവിൽ എടുക്കുന്നത് തികച്ചും ക്രമവിരുദ്ധമാണ്. അത്തരത്തിൽ അവധിയിൽ പ്രവേശിച്ചാൽ നിയമനാംഗീകാരം റദ്ദ് ചെയ്യുകയാണ് വേണ്ടത്.<br><br>ഈ സാഹചര്യത്തിൽ ശ്രീ.ഷംസുദീൻ.റ്റി.കെ എയ്ഡഡ് സ്കൂൾ ടീച്ചർ ആയതിനാൽ കെ.ഇ.ആർ പ്രകാരവും, കെ.എസ്.ആർ ഭാഗം I അനുബന്ധം |

XII A ചട്ടം 9 പ്രകാരവും സ്വീകരിക്കേണ്ട തുടർനടപടിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് (ജെ) യുടെ അഭിപ്രായവും, ടിയാന് വിവിധ ഘട്ടങ്ങളിൽ നിയമനം നൽകിയ ഉത്തരവുകളുടെയും നിയമനാംഗീകാരം നൽകിയ ഉത്തരവുകളുടെയും പകർപ്പുകളും സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്".

ടിയാന് ലീവ് അനുവദിച്ച് ഉത്തരവിറങ്ങിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ ടിയാന്റെ appointment order കളുടെ പകർപ്പ് സഹിതം അഭിപ്രായത്തിനായി ഫയൽ പൊതു വിദ്യാഭ്യാസ . (ജെ) വകുപ്പിലേയ്ക്കയച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ.